ലാഭവിഹിതത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 20% വരെ ബോണസ് നൽകണമെന്നും സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ 20% കൂടുതൽ തുക ബോണസ്സായി നൽകരുതെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ പ്രതിമാസം 3500 രൂപ വരെ ശമ്പളം വാങ്ങുന്നവർക്ക് മാത്രമേ ബോണസ്സിന് അർഹതയുള്ളൂവെന്നും അതിൽ കൂടുതൽ ശമ്പളം വാങ്ങുന്നവർക്ക് ഫെസ്റ്റിവൽ അലവൻസിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂവെന്നും നിർദ്ദേശിച്ചിരുന്നു.

(ബി) 2002-ൽ ബോണസ് നൽകുന്നതിനുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള അതേ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2003-ൽ ബോണസ് നൽകുന്നതിന് 1-7-2003-ൽ ജി.ഒ. (ആർ.റ്റി.) നമ്പർ 1798/03/തൊഴിൽ നമ്പരിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ലാഭമുണ്ടാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉയർന്ന റേറ്റിൽ ബോണസ് നൽകുന്നതിന് അധികാരം നൽകിയിരുന്നു. എന്നാൽ 20%-ൽ കൂടുതൽ തുക എക്സ്ഗ്രേഷ്യയായി നൽകണമെങ്കിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണമെന്ന് നിഷ്ക്കർഷിച്ചിരുന്നു.

തൊഴിൽവകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ

38 [4916] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ പുതിയതായി ആരംഭിച്ച കോഴ്സുകളുടെ വിവരം വ്യക്തമാക്കുമോ;

(ബി) വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഗാർമെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏത് കോഴ്സാണ് പഠിപ്പിക്കുന്നത്; ഈ സ്ഥാപനത്തിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) മലയോര പിന്നോക്ക പ്രദേശമായ തലപ്പിള്ളി താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ പ്രവർത്തിച്ചുവരുന്ന പ്രസ്തുത സ്ഥാപനത്തിൽ കൂടുതൽ തൊഴിൽ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഗസ്റ്റ് 2003 മുതൽ ചുവടെ ചേർത്തിരിക്കുന്ന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു:

തിരുവനന്തപുരം ചാക്ക ഐ.ടി.ഐ. തൃശ്ശൂർ ചാലക്കുടി ഐ.ടി.ഐ.	മെക്കാനിക് മെഡിക്കൽ ഇലക്ട്രോണിക് എന്ന ദ്വിവത്സര കോഴ്സ്
ധനുവച്ചപുരം ഐ.ടി.ഐ.	ടൂൾ ആന്റ് ഡൈ മേക്കർ, കോപ്പ എന്നീ ട്രേഡുകളിൽ ഓരോ അഡീഷണൽ യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ആറ്റിങ്ങൽ ഐ.ടി.ഐ.	ഇലക്ട്രോ പ്ലേറ്റർ ട്രേഡിൽ ഒരു അഡീഷണൽ യൂണിറ്റ്
ചെങ്ങന്നൂർ ഐ.ടി.ഐ.	മെക്കാനിക് ഡീസൽ ട്രേഡിൽ ഒരു യൂണിറ്റ്
ഏറ്റുമാനൂർ ഐ.ടി.ഐ.	കോപ്പ ട്രേഡിൽ രണ്ട് യൂണിറ്റ് എന്നിവ ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി, സി) വ്യവസായ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

നിർമ്മാണ മേഖലാ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ കുറഞ്ഞു വരുന്നതുമൂലമുള്ള പ്രശ്നങ്ങൾ

39 [4917] ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, കെ. കെ. ജയചന്ദ്രൻ:
,, എം. വി. ഗോവിന്ദൻമാസ്റ്റർ:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കുറഞ്ഞുവരുന്നതുമൂലമുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക മേഖലയിലെ തകർച്ചയുടെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട കർഷക തൊഴിലാളികൾക്കും നിർമ്മാണ മേഖലയെ ആശ്രയിക്കേണ്ടിവരുന്നതിനാൽ ഈ രംഗമാകെ പ്രതിസന്ധിയിലായിരിക്കുകയാണെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) തൊഴിലില്ലായ്മയും പ്രതിസന്ധിയും നിലനിൽക്കുന്നതിനാൽ കോൺട്രാക്ടർമാരും തൊഴിലുടമകളും കൂലി വെട്ടിക്കുറച്ചുകൊണ്ട് തൊഴിലാളികളെ ചൂഷണം ചെയ്തുവരുന്നത് തടയാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) മണലിന്റെ ദൗർലഭ്യം നിർമ്മാണ മേഖലയെ ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള പ്രതിസന്ധി പരിശോധിച്ചിട്ടില്ല.

(സി) ഇപ്രകാരമുള്ള ചൂഷണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ വേതനം 4-6-2003-ലെ ജി.ഒ. (ആർ‌റ്റി.) നമ്പർ 1505/03/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവുപ്രകാരം ലഭിക്കേണ്ട മിനിമം കൂലി ഏതെങ്കിലും തൊഴിലുടമ നൽകാത്തപക്ഷം മിനിമം വേതന നിയമ പ്രകാരമുള്ള അധികാരികളെ സമീപിച്ച് ആയതിന് പരിഹാരം കാണാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly